പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 249 * 10.12. 2018 ൽ മറുപടിയ്ക്ക്

**സ്വകാര്യ മേഖലയിലെ സ്കൂളുകളുടെ വാണിജ്യ താല്പര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. യു. ആർ. പ്രദീപ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ മേഖലയിലെ അൺഎയ്ഡഡ് സ്കൂളുകളിൽ കേരള ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഘടന നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം സ്കൂളുകളിലെ അധ്യാപകർക്ക് ന്യായ വേതനം ഉറപ്പാക്കാനായി നടപടി സ്വീകരിക്കാൻ കഴിയുമോ; | (എ) ബഹു.ഹൈക്കോടതിയിലെ WPC Nos.15900, 18044, 22249/2018 എന്നീ കേസുകളിലെ 2.8.2018 ലെ വിധിയിൽ സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ഫീസ് ഘടന നിശ്ചയിക്കാൻ സർക്കാരിന് അധികാരമുണ്ട് എന്ന് നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യ പദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10.6.2013 ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ 184/2013/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിലും സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 07/10/2011 ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നം. 202/11/പൊ.വി.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിലും സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ട്യൂഷൻ ഫീസ് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ "കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ" എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | നൂറുശതമാനം വിജയം ഉറപ്പാക്കാനുള്ള കുറുക്കുവഴിയായും അന്യായ നടപടികൾ ചോദ്യം ചെയ്യുന്നവരെ നിശബ്ദരാക്കാനും അൺഎയ്ഡഡ് സ്കൂളുകൾ വിദ്യാർത്ഥികളെ നിയമ വിരുദ്ധമായി നിർബന്ധിത വിടുതൽ സർട്ടിഫിക്കറ്റ് നൽകി പുറത്താക്കുന്നതും വിവിധ ക്ലാസുകളിൽ തോൽപ്പിക്കുന്നതും അവസാനിപ്പിക്കാൻ നടപടിയെടുക്കാൻ കഴിയുമോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ഭരണപരമായ വിഷയങ്ങളിൽ ഇടപെടാൻ സർക്കാരിന് പരിമിതികളുണ്ടെങ്കിലും കുട്ടികളുടെ ഭാവിയെക്കരുതി ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുമ്പോൾ കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കുമോ; | (സി) | അതാത് കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി നല്കുന്നത്. 07/10/2011 തീയതിയിലെ ജി.ഒ.(എം.എസ്) നം. 202/11/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരമാണ് ഏറ്റവും ഒടുവിലായി എൻ.ഒ.സി നല്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.<br>സംസ്ഥാനത്ത് അംഗീകാരമില്ലാതെ സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ല എന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിലുള്ളതിനാൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ 19/07/2017 തീയതിയിലെ എഫ്1/27/2017/പൊ.വി.വ നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇത്തരത്തിൽ നോട്ടീസ് ലഭിച്ച പല സ്കൂളുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ |

| | | | |
|---|---|---|---|
| | | | സമീപിക്കുകയും ബഹു. കോടതി ഇടക്കാല സ്റ്റേ അനുവദിക്കുകയും 2018-19 അദ്ധ്യായന വർഷം അടച്ച് പൂട്ടൽ നടപടി ഉണ്ടാവുകയില്ലെന്ന് ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ വാണിജ്യതാല്പര്യം ദുർബലപ്പെടുത്താൻ പൊതുവിദ്യാഭ്യാസ മേഖലയുടെ നവീകരണം വഴി സാധ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേക്കായി ഹൈടെക് ക്ലാസ് മുറികളുൾപ്പടെ വലിയ സംവിധാനങ്ങൾ സർക്കാർ/എയ്ഡഡ് മേഖലയിൽ നടപ്പിലാക്കി വരുന്നു. പൊതു വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതിന്റെയും സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-സ്കൂൾ സംവിധാനം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ